പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4511      17.12. 2014 ൽ മറുപടിക്ക്.

## കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം എത്രയാണെന്ന് കണക്കാക്കി യിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) അനുപാതം കണക്കാക്കിയിട്ടില്ല. 2011–ലെ സെൻസസ് പ്രകാരം കേരളത്തിൽ സംഘടിത അസംഘടിത മേഖലകളിലായി ആകെ തൊഴിലെടുക്കുന്നവരുടെ എണ്ണം 1,16,19,063 ആണ്. തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ 25 ലക്ഷം അന്തർ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) അന്യദേശത്തൊഴിലാളികൾക്ക് രജിസ്ട്രേഷനോ തിരിച്ചറിയൽ കാർഡോ നൽകിയിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡിനു കീഴിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ, കേരളത്തിൽ ജോലിക്കെത്തുന്ന അന്തർസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. അപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. ഇത്തരത്തിൽ 30.11.2014 വരെ 48213 പേർ രജിസ്റ്റർ ചെയ്യുകയും ടി തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.